**Avare Bhayappedaruthu. Joshua 10:1-11**

**വായനഭാഗം യോശുവ 10: 1- 11**




**അവരെ ഭയപ്പെടരുത്..............നിന്റെ കൈയ്യിൽ ഏൽപിച്ചിരിക്കുന്നു.**

**ചൈനയുടെ** പടിഞ്ഞാറുഭാഗത്ത് സുവിശേഷ വേല ചെയ്തുകൊിരുന്ന ഒരു ക്രിസ്ത്യൻ മിഷിനറിയെ നാട്ടുകാരായ ഒരു കൂട്ടം ജനങ്ങൾ കൊല്ലുവാൻ വേി ആക്രമിച്ചു. അദ്ദേഹം തന്റെ താമസസ്ഥലത്തിനടുത്തുള്ള പുഴയ്ക്കരികിലേക്ക് പ്രാണരക്ഷാർത്ഥം ഓടി. അവിടെ കെട്ടിയിരുന്ന വഞ്ചിയിൽ കയറി രക്ഷപെടാനായിരുന്നു ഉദ്ദേശ്യം.സംഘം ചേർന്നു വന്ന എതിരാളികൾ അപ്രതീക്ഷിതമായി വേഗത്തിലടുത്തപ്പോൾ ഗത്യന്തരമില്ലാതെ അദ്ദേഹം വെള്ളത്തിൽ ചാടി.തന്റെ കൂടെ വസിക്കുന്ന പിതാവിന്റെ കരുതലിൽ ആശ്രയിച്ച് , വെള്ളത്തിനടിയിലൂടെ മറുകരയിലേക്ക് നീന്തി.മറുകരയിലെത്തി സംഭവം വിവരിച്ചപ്പോൾ സുഹൃത്തുക്കൾ ചോദിച്ചു തിരുവചനത്തിലെ ഏതുവാക്യമാണ് താങ്കൾക്ക് ധൈര്യം തന്നത്.ഇതിന് വിചിത്രമായ മറുപടിയാണ് അവർക്കു ലഭിച്ചത്.ഒരു വാക്യമോ എന്തിന്? കർത്താവു തന്നെ എന്റെ ഉായിരിക്കുമ്പോൾ ഞാനെന്തിന് കേവലം ഒരു വാക്യത്തിൽ ആശ്രയിക്കുന്നു.

ദൈവം ഒരു ജോലി ഒരാളെ അഥവാ ഒരു കൂട്ടത്തെ ഏല്പിച്ചാൽ അവരുടെ ചുമതല ദൈവം ഏറ്റെടുക്കുന്നു.യെരിഹോയും ഹായിപട്ടണവും പിടിച്ചെടുത്ത യോശുവായോടും കൂട്ടരോടും ഗിബയോന്യർ സഖ്യത ചെയ്തു എന്നറിഞ്ഞപ്പോൾ അവരോട് യുദ്ധംചെയ്യുവാൻ അഞ്ച് രാജാക്കൻമാർ തയ്യാറായതായി വേദഭാഗത്തു നിന്ന് നാം വായിക്കുന്നു.യഹോവയുടെ അരുളപ്പാടനുസരിച്ച് സഹായം അഭ്യർത്ഥിച്ചു വന്ന ഗിബയോന്യരെ യോശുവ സഹായിക്കുന്നു.ശത്രുവിനെ ദൈവം ബേത്ത്ഹോരേനിലേക്കുള്ള കയറ്റത്തിലേക്ക് ഓടിച്ചു. കയറ്റം കയറുമ്പോൾ അവർ വാളിന്റെ വായ്ത്തലയ്ക്ക് ഇരയായിത്തീർന്നു.ശേഷിച്ചവർ ഇറക്കം ഓടി ഇറങ്ങിയപ്പോൾ കല്മഴയാൽ ദൈവം അവരെ നശിപ്പിച്ചു.

ദൈവം തന്റെ ജനത്തെ കാത്ത് പാലിക്കുന്ന വിധത്തെപ്പറ്റി നാം വായിക്കുന്നു.ശത്രുക്കൾ എത്രകൂടുതൽ ഉണ്ടായിരുന്നാലും അവർ എത്ര ശക്തരായിരുന്നാലും ദൈവം അവരിൽ നിന്നെല്ലാം തന്റെ ജനത്തെ സംരക്ഷിക്കുകയും ചെയ്യുന്നു. ദൈവഹിതപ്രകാരം ജീവിതം നയിക്കുന്നുവെങ്കിൽ ദൈവത്തിന്റെ കരുതൽ നാം അനുഭവിക്കുക തന്നെ ചെയ്യുമെന്ന് വിശ്വസിക്കുക . അങ്ങനെ നാം വിശ്വസിക്കുമ്പോൾ ദൈവത്തിന്റെ കരുതലിന്റെ ഉറവ നമുക്കായി തുറക്കുന്നതാണ്.

പ്രീയരേ , യഹോവ നമ്മോടു കൂടെയുണ്ടെങ്കിൽ ഒരു ദുരാലോചനക്കാരനും നമ്മുടെ മുമ്പിൽ നിൽക്കയില്ല. കർത്താവ് ലോകാവസാനത്തോളം നമ്മോടു കൂടെ വസിക്കുന്നവനാണ്. ശത്രുക്കളെക്ക് നാം ഭയപ്പെടരുത് .യുദ്ധം യഹോവയുടേതത്രേ. ദൈവഹിതപ്രകാരമുള്ള ജീവിത

മാണ് നാം നയിക്കുന്നതെങ്കിൽ കാര്യങ്ങളുടെ നടത്തിപ്പ് ദൈവത്തിന്റെ പക്കലാണെന്ന് നാം വിശ്വസിക്കേതാണ്. ദൈവം ഒരു നാളും തള്ളിക്കളയാത്തവനാണ്.അവൻ നമ്മെ ഇന്നും നാളെയും സുരക്ഷിതമായി കാത്തുസൂക്ഷിക്കുന്നു. എന്നും എന്നേക്കും അപ്രകാരം തന്നെ.



Sis. Shanthamma Varghese

# ശാന്തമ്മ വറുഗീസ്

svarghese47@gmail.com

Exclusive copyright with http://biblestudy.co.in/